**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6760

**09.11.2016** ൽ മറുപടിയ്ക്ക്

കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നിർമ്മിച്ച കെട്ടിടങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം. രാജഗോപാലൻ : | **ശ്രീ.എ.സി.മൊയ്തീൻ [സഹകരണവും വിനോദസഞ്ചാരവും വകുപ്പമന്ത്രി]** |
| [എ] കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന നിർമ്മിച്ച ആയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ എന്നിവ കാര്യക്ഷമമായി ഉപയോഗിക്കാതെ നാശത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | [എ] ഇല്ല. അയിറ്റി ബോട്ട് ടെർമിനൽ, ഇടയിലക്കാട്, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവ ബി.ആർ.ഡി.സി. മുഖാന്തിരം വലിയ പറമ്പ കായൽ ടൂറിസം വികസന സമിതി എന്ന സഹകരണ സംഘത്തിന് 5 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ളതും നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമാകുന്നു. |
| (ബി) പ്രസ്തുത ജില്ലയിൽ ടൂറിസവുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ടിൽ നിർമ്മിച്ച പല കെട്ടിടങ്ങളും കാര്യക്ഷമായി ഉപയോഗിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വിശദീകരിക്കാമോ? | (ബി) ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളും കെ.റ്റി.ഡി.സി., ബി.ആർ.ഡി.സി. എന്നിവയുടെ അധീനതയിലുള്ള കെട്ടിടങ്ങളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നാൽ കാസർഗോഡ് ബീച്ചിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ടൂറിസം വകുപ്പിന് വേണ്ടി നിർമ്മിച്ച ഫെസിലിറ്റേഷൻ സെന്റർ സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് പണി പൂർത്തീകരിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ